**"ഭരണഭാഷ - മാതൃഭാഷ"**

കാർഷിക വികസന കർഷകക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം

**ഒ ആന്റ് എം (1) 35139 / 2017.** **തീയതി : 27.09.2018.**

## ക്വട്ടേഷൻ നോട്ടീസ്

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഉദ്യോഗസ്ഥരുടെ നെയിം ബോർഡുകൾ അവരവരുടെ ക്യാബിനുകൾക്ക് മുൻപിൽ 2.5 ഇഞ്ച് വലുപ്പത്തിലുള്ള അക്ഷരങ്ങളിൽ തയ്യാറാക്കി പ്രദർശിപ്പിക്കുന്നതിന് അംഗീകൃത നിർമ്മാണ കമ്പനികളിൽ നിന്നും മുദ്രവെച്ച കവറുകളിൽ ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറുകളുടെ പുറത്ത് "നെയിംബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന് എഴുതിയിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ **15.10.2018** തീയതിവരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും 11.00 AM മുതൽ 01.00 PM വരെ സ്വീകരിക്കുന്നതാണ്. ക്വട്ടേഷനുകളുടെ കാലാവധി 1 വർഷം ആയിരിക്കും.

ക്വട്ടേഷനുകൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം - 33 എന്ന വിലാസത്തിൽ **15.10.2018-ന് 02.00 PM-ന്** മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. വൈകി ലഭിക്കുന്നവ സ്വീകരിക്കുന്നതല്ല. ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ച കഴിഞ്ഞ് 3 മണിയ്ക്ക് ഹാജരായിട്ടുള്ള പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

നെയിംബോർഡുകൾ സ്ഥാപിക്കുന്ന പ്രക്രിയ തൃപ്തികരമായ രീതിയിൽ വളരെ ഗുണമേന്മയോടെ പൂർത്തീകരിച്ചതിനു ശേഷമേ ആയതിന് തുക അനുവദിക്കുകയുള്ളൂ. ക്വട്ടേഷനുകൾ സ്വീകരിക്കപ്പെടുന്ന അവസാന തീയതി അല്ലെങ്കിൽ അവ തുറക്കുന്ന തീയതി ഒഴിവു ദിവസമായി വരുന്ന സ്ഥിതിയുണ്ടായാൽ ആയത് തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ പരിഗണിക്കപ്പെടുന്നതാണ്.

മതിയായ കാരണങ്ങളാൽ ക്വട്ടേഷനുകൾ നിരസിക്കപ്പെടുന്നതിന് പരിപൂർണ്ണ അധികാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

കേരള സർക്കാരിന്റെ സ്റ്റോർ പർച്ചേസ് / ക്വട്ടേഷനുകൾ സംബന്ധിച്ച നടപടികളും ചട്ടങ്ങളും ഇതിനും ബാധകമായിരിക്കും.

**ഡയറക്ടർ**
**കാർഷിക വികസന കർഷകക്ഷേമ വകുപ്പ്**

DIRECTOR
AGRICULTURE DEVELOPMENT
AND FARMER'S WELFARE DEPARTMENT
THIRUVANANTHAPURAM

വികാസ് ഭവൻ
തിരുവനന്തപുരം